**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മിക്ക ജില്ലകളിലും കാട്ടാനകളുടെ ആക്രമണം വർദ്ധിച്ചു വരുന്നതിനാൽ ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചിരിക്കുന്ന പ്രതിരോധ നയം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവയെ വനത്തിനുള്ളിലേയ്ക്ക് തിരികെ അയക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കാറുണ്ട്. കാട്ടാനയുൾപ്പെടെയുള്ള വന്യജീവികളെ കാട്ടിലേക്ക് തുരത്തുവാനും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്താകെ 28 ആർ.ആർ.ടി.കൾ പ്രവർത്തിച്ചു വരുന്നു. വയനാട്, പാലക്കാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉപയോഗിച്ച് കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു.<br>ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറട്രാപ്പ്, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം മുതലായവ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ഉപയോഗപ്പെടുത്തി വരുന്നു. വനമേഖലയിൽ നിന്നും കാട്ടാനകൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സോളാർ വേലികളും കിടങ്ങുകളും നിർമിച്ച് പരിപാലിച്ചു വരുന്നുണ്ട്. |
| (ബി) | കാട്ടാനകളുടെ ആക്രമണം തടയുന്നതിനായി നിലവിലെ പദ്ധതി ഫലപ്രദമാണോ എന്ന് | (ബി) | 2024-25 വർഷത്തിൽ കേരളത്തിൽ 19 പേർ കാട്ടാനകളുടെ മുന്നിൽ പെട്ടുണ്ടായ അപകടങ്ങളിൽ |

വിശദമാക്കാമോ; 2024-25 കാലയളവിൽ കാട്ടാന ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്ക് പറ്റിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

മരണപ്പെട്ടിട്ടുണ്ട്. കാട്ടാനകൾ കാരണം ഇക്കാലയളവിൽ 79 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനകൾ കാരണം ഉണ്ടായിട്ടുള്ള മരണങ്ങളിൽ ഏറിയ പങ്കും വനത്തിനുള്ളിൽ വച്ച് കാട്ടാനയുടെ മുന്നിൽപ്പെട്ട് ഉണ്ടായിട്ടുള്ളവയാണ്.
കാട്ടിനുള്ളിൽ വച്ച് കാട്ടാനകളുടെ മുന്നിൽപ്പെട്ടുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഉന്നതികളിൽ വനം വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വന മേഖലയോട് ചേർന്ന് ശരിയായി പരിപാലിക്കാതെ അടിക്കാട് പിടിച്ചുകിടക്കുന്ന കൃഷിഭൂമികൾ കാട്ടാനകൾക്ക് താവളമൊരുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കൃഷിഭൂമികളിലെ അടിക്കാടുകൾ സമയാസമയം വെട്ടിത്തെളിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പുവഴി ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
സമീപകാലങ്ങളിൽ സെൽഫിയും റീൽസും മറ്റും ചെയ്യുവാനായി സ്വരക്ഷപോലും നോക്കാതെ കാട്ടാനകളുടെ മുന്നിലേക്ക് കടന്നു കയറുന്നതും കാട്ടാനകളെ അനാവശ്യമായി പ്രകോപിപ്പിക്കുന്നതുമായ അനാരോഗ്യകരമായ സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനും അപകടത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമുള്ള ശ്രമങ്ങളും നടത്തി വരുന്നു. വനത്തിനുള്ളിലൂടേയും വനാതിർത്തികളിലൂടേയും കടന്നു പോകുന്ന റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കാട്ടാനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ അശാസ്ത്രീയമായും പരിശീലനം ലഭിക്കാതെയും സ്ഫോടകവസ്തുക്കളും മറ്റും ഉപയോഗിച്ച് അവയെ തുരത്താനായി മുതിരുന്നതും വന്യമൃഗങ്ങളെ പ്രകോപിതരാക്കുകയും അപകടങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നത് തടയാനായി തയ്യാറാക്കിയിട്ടുള്ള പ്രതിരോധ നിർമ്മിതികൾ ഫലപ്രദമാണെന്നാണ് കണ്ടുവരുന്നത്. എന്നാൽ ഇത്തരം പ്രതിരോധ നിർമ്മിതികൾ കൊണ്ടു മാത്രം അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാനാകില്ല എന്നും അതിനായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളും പൊതുജനങ്ങളും ഒരുപോലെ സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട് എന്നുമാണ് മനസ്സിലാക്കുന്നത്. ഇതിലേക്കായി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ 10 മിഷനുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത

വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;

2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ MIssion Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി;

3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിംഗ്;

4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT) കൾ;

5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനായി മിഷൻ Real Time Monitoring;

6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുന്നതിനു വേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;

7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;

| | | | |
|---|---|---|---|
| | | | 8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;<br><br>9) ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;<br><br>10) പാമ്പുകടി മരണം ഉണ്ടാകാതിരിക്കാൻ ലക്ഷ്യമിടുന്ന മിഷൻ സർപ്പ എന്നിവയാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപപ്പെടുത്തി നടപ്പിലാക്കി വരുന്ന തീവ്രയജ്ഞ പരിപാടികൾ. |

സെക്ഷൻ ഓഫീസർ